LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	തിരുവനന്തപുരം	-	അമ്പലത്തറ
	കൊല്ലം	-	തേവള്ളി
	ആലപ്പുഴ	-	പുന്നപ്ര
	കോട്ടയം	-	വടവാതൂർ
	എറണാകുളം	-	തൃപ്പൂണിത്തുറ
	തൃശ്ശൂർ	-	രാമവർമ്മപുരം
	പാലക്കാട്	-	കല്ലേപ്പുള്ളി
	കോഴിക്കോട്	-	പെരിങ്ങളം
	കണ്ണൂർ	-	പള്ളിക്കുന്ന്
	കാസർകോട്	-	കാഞ്ഞങ്ങാട്

(ബി) പത്തനംതിട്ട, വയനാട്

(സി) പത്തനംതിട്ടയിൽ സ്ഥലം നിർണ്ണയത്തിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. വയനാട്ടിൽ പ്ലാന്റ് തുടങ്ങുവാനുള്ള ധനസഹായം കേന്ദ്ര ധനസഹായ പദ്ധതിയായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾക്കൊള്ളിച്ച്, കേന്ദ്ര സർക്കാരിന്റെ അനുവാദത്തിനായി സമർപ്പിച്ചിട്ടുണ്ട്.

മിൽമയും മദർ ഡയറിയും തമ്മിലുള്ള കരാർ

86 (2535) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. പി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമയും മദർ ഡയറിയും തമ്മിൽ ഏതെല്ലാം സംയുക്ത സംരംഭങ്ങൾക്കുള്ള കരാറിലാണ് ഒപ്പിട്ടിരിക്കുന്നത് ;

(ബി) ക്ഷീര കർഷകർക്ക് ഗുണകരമായ ഏതെല്ലാം പുതിയ പദ്ധതികളാണ് സംയുക്ത സംരംഭത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) മിൽമയുടെ നയപരമായ തീരുമാനം എടുക്കുന്നതിനുമുമ്പ് പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങാതിരുന്നത് നിലവിലുള്ള സഹകരണ ചട്ടങ്ങൾക്ക് വിരുദ്ധമായതുകൊണ്ട് അടിയന്തരമായി പൊതുയോഗം വിളിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കരാർ പ്രകാരം സംയുക്ത കമ്പനിയുടെ 51% ഓഹരികൾ മദർ ഡയറിക്ക് നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ ; ഭൂരിഭാഗം ഓഹരികൾ മദർ ഡയറിയുടെ കൈവശമാകുമ്പോൾ കമ്പനിയുടെ എല്ലാ തീരുമാനങ്ങളും മദർ ഡയറി തീരുമാനിക്കുന്നതുപോലെ ആകുന്നതുമൂലം കമ്പനിയുടെ ധൂർത്തും, കെടുകാര്യസ്ഥതയും കൂടുതലാകുന്നത് തടയാൻ ഓഹരികളിൽ 51% മിൽമയ്ക്കും, 49% മദർ ഡയറിക്കുമായി വീതിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) മിൽമ ഉല്പാദിപ്പിക്കുന്ന പാലും പാലുല്പന്നങ്ങളും സംസ്ഥാനത്തിനകത്തും പുറത്തും വിപണനം ചെയ്യുന്നതിനുള്ള കരാറാണ് ദേശീയ ക്ഷീരവികസന ബോർഡിന്റെ അനുബന്ധ സ്ഥാപനമായ മദർഡയറി ഫുഡ്സ് ലിമിറ്റഡും മിൽമയുമായി ഒപ്പിട്ടിരിക്കുന്നത്.

(ബി) കേരളത്തിലെ ക്ഷീര കർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലിനും വിപണി കണ്ടെത്തി ന്യായമായ വില ലഭ്യമാക്കി ക്ഷീരകർഷകരെ സഹായിക്കുന്നതോടൊപ്പം ക്ഷീര സംഘങ്ങളുടേയും മേഖലാ യൂണിയനുകളുടേയും പ്രവർത്തനത്തിന് ഗുണപരമായ മാറ്റം ഉണ്ടാക്കുന്നതിനാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായം പ്രസ്തുത സംയുക്ത സംരംഭംവഴി ലഭിക്കുന്നതാണ്. ഓരോ സംഘത്തിലും സംഭരിച്ച് ഡയറിയിൽ എത്തുന്ന പാലിന്റെ ബാക്ടീരിയൽ കൗണ്ട് നിയന്ത്രിക്കുന്നതിനും ഗുണമേന്മയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് അധിക വില/ഇൻസെന്റീവ് ലഭ്യമാക്കുന്നതും പരിഗണനയിലുണ്ട്. ഉപഭോക്താവിന് ലഭിക്കുന്ന പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളും സംയുക്ത സംരംഭ കമ്പനിയുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കും.

(സി) സംസ്ഥാന ക്ഷീര വിപണന ഫെഡറേഷന്റെ (മിൽമ) പൊതു യോഗത്തിന്റെ ഐകകണ്ഠ്യേനയുള്ള തീരുമാനപ്രകാരവും മേഖലാ യൂണിയനുകളുടെ ഭരണസമിതികളുടെ അംഗീകാരത്തോടും കൂടിയാണ് നയപരമായ തീരുമാനം എടുത്തിട്ടുള്ളത്. സഹകരണ നിയമം അനുശാസിക്കുന്ന മിൽമയുടെ ബൈലോയിൽ മദർ ഡയറി ഫുഡ്സ് ലിമിറ്റഡുമായി ചേർന്ന് സംയുക്ത സംരംഭം തുടങ്ങുന്നതിനാവശ്യമായ ഭേദഗതികൾ സർക്കാർ അംഗീകാരത്തിനു വിധേയമായി പൂർത്തിയാക്കിയതിനുശേഷമാണ് മിൽമ പ്രസ്തുത കരാറിൽ ഒപ്പിട്ടത്. 30-9-2002-ൽ കൂടിയ മിൽമയുടെ 28-മത് വാർഷിക പൊതുയോഗമാണ് ഈ സംയുക്ത സംരംഭ കമ്പനി രൂപീകരിക്കുവാൻ തീരുമാനിച്ചത്.

(ഡി) ഉണ്ട്. പബ്ലിക് ലിമിറ്റഡ് കമ്പനിയായി രജിസ്റ്റർ ചെയ്ത മിൽമാ ഫുഡ്സ് ലിമിറ്റഡ് എന്ന സംയുക്ത സംരംഭ കമ്പനി ലാഭേച്ഛയോടു കൂടി പ്രവർത്തിക്കുന്നതും ലഭിക്കുന്ന ലാഭവിഹിതം കേരളത്തിലെ ക്ഷീര മേഖലയുടെ വികസനത്തിനായി ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതുമാണ്. അതിനാൽ ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന ഓഹരി പങ്കാളിത്തത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly